വേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങളും സർവ്വേ നമ്പരുകളും മറ്റും എടുത്തുകൊണ്ടിരിക്കുന്നു. നിലവിലുള്ള റോഡിൽ വീതികൂട്ടുന്നതിന് സ്ഥലം അക്വയർ ചെയ്യേണ്ട ആവശ്യമില്ലാത്ത ഭാഗങ്ങളിലെ പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) 62.70 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) ആവശ്യത്തിന് വീതിയുള്ള സ്ഥലങ്ങളിൽ റോഡ് വീതി കൂട്ടുന്നതിനുള്ള പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പാലങ്ങൾ വീതി കൂട്ടുന്നതിനുള്ള മണ്ണിന്റെ ഘടന പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്യുന്നതിനുവേണ്ടി സർവ്വേ നമ്പരുകളും സ്ഥലത്തിന്റെ വിശദാംശങ്ങളും എടുത്തു വരികയാണ്.

ഭരണ സാങ്കേതിക അനുമതി ലഭിച്ച റോഡുകൾ

141 (2241) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല ഹെവിമെയിന്റനൻസിലുൾപ്പെടുത്തി ഏതൊക്കെ റോഡുകളിൽ എത്ര രൂപ വീതമുള്ള പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് റോഡുകളുടെ പെയിനേജ് സഹിതം വ്യക്തമാക്കുമോ ;

(ബി) ഇവയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ; എന്നാണ് ഇത് ടെണ്ടർ ചെയ്തത് ; ആരാണ് ടെണ്ടർ ഏറ്റെടുത്തിരിക്കുന്നത് എന്ന് ഓരോ റോഡുകളുടെ പേരും എസ്റ്റിമേറ്റ് തുകയുടെ എത്ര ശതമാനത്തിനാണ് പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് എന്നതും സഹിതം വ്യക്തമാക്കുമോ ;

(സി) ഈ തുകയുടെ അംഗീകാരത്തിനായി CTE ക്ക് എന്നാണ് ഫയൽ പോയത് ; CTE യുടെ അനുമതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ;

(ഡി) കോൺട്രാക്ടറെക്കൊണ്ട് എന്നാണ് ഡിപ്പാർട്ടുമെന്റ് എഗ്രിമെന്റ് വയ്പ്പിച്ചിട്ടുള്ളത് ;

(ഇ) ഈ പ്രവൃത്തി ഇനിയും ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) ഇത് എന്നത്തേയ്ക്ക് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശബരിമല ഹെവിമെയിന്റനൻസിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. പ്ലാപ്പള്ളി - ചാലക്കയം റോഡിന്റെ ചെയിനേജ് 32/00 മുതൽ 53/480 വരെ - 8.86 കോടി

2. കണമല ഇലവുംകൽ റോഡ് ചെയിനേജ് 0/00 മുതൽ 9/910 വരെ - 5.67 കോടി.

3. മണ്ണാറക്കുളഞ്ഞി-പമ്പ റോഡ് ചെയിനേജ്. 0/00 മുതൽ 32/00 വരെ - 17.12 കോടി

4. കാഞ്ഞിരപ്പള്ളി - എരുമേലി ചെയിനേജ്0/00 മുതൽ 11/815 വരെ 6.38 കോടി

5. കണമല ബ്രിഡ്ജ് - 4.70 കോടി

(ബി) 1. പ്ലാപ്പള്ളി-ചാലക്കയം റോഡിന്റെ ചെയിനേജ് 32/00 മുതൽ 53/480 വരെ 5-6-2009-മുതൽ 28 കോടി രൂപയ്ക്ക് ഭരണാനുമതിയും 20-7-2009-ൽ 10.90 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി.

(പാർട്ട് റ്റി. എക്സ്)

23-2-2010-ൽ ടെണ്ടർ ചെയ്തു. കോൺട്രാക്ടർ മെസ്സേഴ്സ് കെ.എസ്. സി.സി., 39.20% അധികരിച്ച നിരക്കിൽ.

2. കണമല - ഇലവുംകൽ റോഡിന്റെ ചെയിനേജ് 0/00 മുതൽ 9/910 വരെ

5-6-2009-ൽ 28 കോടി രൂപയ്ക്ക് ഭരണാനുമതിയും 5-3-2010-ൽ 6.21 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി.

(പാർട്ട് റ്റി.എസ്)

17-3-2010-ൽ ടെണ്ടർ ചെയ്തു.

കോൺട്രാക്ടർ മെസ്സേഴ്സ് കെ.എസ്.സി.സി. 44.10% അധികാരിച്ച നിരക്കിൽ

3. മണ്ണാറക്കുളഞ്ഞി - പമ്പ റോഡിന്റെ ചെയിനേജ് 0/00 മുതൽ 32/00 വരെ

14-7-2009-ൽ 17.12 കോടി രൂപയ്ക്ക് ഭരണാനുമതിയും 30-1-2010-ൽ 16.29 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി.

23-2-2010-ൽ ടെണ്ടർ ചെയ്തു.

കോൺട്രാക്ടർ മെസ്സേഴ്സ് കെ.എസ്.സി. 39.20% അധികരിച്ച നിരക്കിൽ

4. കാഞ്ഞിരപ്പള്ളി- എരുമേലി റോഡിന്റെ 0/00 മുതൽ 9/910 വരെ

5-6-2009-ൽ 28 കോടി രൂപയ്ക്ക് ഭരണാനുമതിയും 29-3-2010-ൽ 6.75 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി.

LIBRARY ARCHIVES Kerala Legislative Assembly

12-4-2010-ൽ ടെണ്ടർ ചെയ്തു.

കോൺട്രാക്ടർ മെസ്സേഴ്സ് കെ.എസ്.സി., 44.10% അധികരിച്ച നിരക്കിൽ

5. കണമല ബ്രിഡ്ജ്

5-6-2009-ൽ 28 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി (ടെണ്ടർ ചെയ്തിട്ടില്ല)

(സി) പ്ലാപ്പള്ളി - ചലക്കയം റോഡ്, കണമല ഇലവുംകൽ റോഡ്, മണ്ണാറക്കുളഞ്ഞി-പമ്പ റോഡ് എന്നീ പ്രവൃത്തികളുടെ ടെണ്ടറുകൾ അംഗീകരിക്കുന്നതിനായി 20-10-2010-ൽ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയും 27-11-2010-ൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

കാഞ്ഞിരപ്പള്ളി - എരുമേലി പ്രവൃത്തി സംബന്ധിച്ച് 8-9-2010-ൽ ധനകാര്യ വകുപ്പിലേക്ക് അയച്ചെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി-എഫ്) ടെണ്ടറിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സൈക്കിൾവേ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

142 (2242) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽഹൈവേ, പ്രധാന ജില്ലാ റോഡുകൾ, പ്രധാന പട്ടണങ്ങളിലെ റോഡുകൾ എന്നിവയോട് ചേർന്ന് സൈക്കിൾവേ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല വിദേശ രാജ്യങ്ങളിലും ഇത്തരം പാതകളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇന്ധനവില കുതിച്ചുയരുന്ന സാഹചര്യത്തിൽ ഇക്കോ ഫ്രണ്ടിലി ആയിട്ടുള്ള സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എണ്ണശേഖരം ശോഷിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സാധാരണക്കാരന്റെ വാഹനത്തിന് അപകടരഹിതമായി സഞ്ചരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉണ്ട്

(സി) പരിശോധിക്കുന്നതാണ്

(ഡി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly